6. The Experimental Farm, Perurkada.
7. The Paddy Farm, Nagercoil.
8. The Fruit Farm, Cape Comorin.

എക്സ് മാർക്കറിംഗ് എക്സ്പാൻഷൻബോർഡ്

*൧൦൧൬. (൧൪) സാഹിബ് ബഹദൂർ എ. മുഹമ്മദ് മുസ്തഫാ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എഗ്സ് മാർക്കറിംഗ് എക്സ്പാൻഷൻ 'ബോർഡ്' ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ ബോർഡ് സെസസ്—ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള തുക എത്ര;

(സി) ഈ തുക എന്താവശ്യത്തിന് ഉപയോഗിക്കുന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ൨൭,൨൩൪ രൂപ. ൧൯൫൦ മുതൽ.

(സി) സെസ്സിന്റെ ൯൦ ശതമാനം ബോർഡിനു വേണ്ടിയും ൧൦ ശതമാനം സെസ്സ് പിരിക്കുന്ന എക്സൈസ് ഡിപ്പാർട്ടുമെണ്ടിലേക്കും മുതൽ വെക്കുന്നു.

മത്സ്യം വളർത്തൽ

*൧൦൧൭. (൨൨) ശ്രീ. പീലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഭക്ഷ്യാൽപാദന പ്രസ്ഥാനത്തിന്റെ ഒരു വിഭാഗമായി മത്സ്യം വളർത്തൽ പ്രസ്ഥാനത്തെ ഗവൺമെണ്ടിൽ നിന്നും പരിഗണിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മത്സ്യം വളർത്തൽപ്രസ്ഥാനം വിജയപ്രദമായി നടത്തുന്നതിനു കർഷകർക്കു എന്തു പ്രോൽസാഹനം കൊടുക്കാൻ ഗവൺമെന്റ് വിചാരിക്കുന്നു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) ഗവൺമെണ്ടു് നേരിട്ടു നടപ്പാക്കുവാനുള്ള പദ്ധതികളാണ് ഇപ്പോൾ തയാറാക്കിയിട്ടുള്ളതു്. എന്നാൽ സ്വകാര്യവ്യക്തികളെ ഇക്കാര്യത്തിൽ വേണ്ടതു പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, കുളങ്ങളിലും മറ്റും വളർത്തുന്നതിനു് അവക്കു് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ടു്.

MISAPPROPRIATION IN THE FOOD DEPARTMENT

*1019. [24] **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state,

(*a*) whether any misappropriation of Government money has been detected in the Food Department in the year 1949 and 1950 respectively;

(*b*) if the answer to (a) is in the affirmative, the amounts with the names of the persons involved; and

(*c*) the nature of the action taken in each case?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Six cases were detected in 1949. In 1950 no case has been detected.

*(*b*) & (*c*) Please see statement placed on the table.

LIBRARY ARCHIVES Kerala Legislative Assembly